# മംഗളവനം

എറണാകുളം നഗരഹൃദയത്തിൽ ഹൈക്കോടതിക്കു സമീപം സ്ഥിതി ചെയ്യുന്ന മംഗളവനം 2004 - ലാണ് പക്ഷി സങ്കേതമായി പ്രഖ്യാപിച്ചത്. കണ്ടൽക്കാടുകളും മറ്റ് വൃക്ഷങ്ങളും ചേർന്ന് ഇവിടം ഒരു സ്വാഭാവിക വന പ്രദേശമായി കാണപ്പെടുന്നു. വിവിധയിനം നീർപക്ഷി കളുടെയും, ദേശാടന പക്ഷി കളുടേയും സങ്കേതമാണ് മംഗളവനം. കേരളത്തിലെ ഏറ്റവും ചെറിയ സംരക്ഷിത പ്രദേശമായ ഇതിന്റെ വിസ്തൃതി 2.74 ഹെക്ടറാണ്. പക്ഷി നിരീക്ഷകർക്കായി വാച്ച്ടവറും പ്രകൃതി പഠന കേന്ദ്രവും വനം വകുപ്പു ഏർപ്പെടുത്തിയിട്ടുണ്ട്. മെട്രോ നഗരമായ കൊച്ചിയിലെ ഈ ജൈവമേഖലയുടെ ഭരണ സംരക്ഷണ ചുമതല നിർവ്വഹിക്കുന്നത് കാലടി നേച്ചർ സ്റ്റഡി സെന്ററാണ്.



| | | |
|---|---|---|
| വിസ്തീർണ്ണം | - | 2.74 ഹെക്ടർ |
| വർഷപാതം | - | 3000 മി.മീറ്റർ |
| ഊഷ്മാവ് | - | $22^{0}$ - $32^{0}$ C |
| സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം | - | 6 മീറ്റർ |
| സന്ദർശനകാലം | - | ഒക്ടോബർ-മേയ് |

ഇവിടെ കണ്ടൽ വനങ്ങൾ മാത്രമേയുള്ളൂ. ഏതാണ്ട് 24 ഇനം കണ്ടൽ സസ്യങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നീർനായ്, പഴവാവൽ ഉൾപ്പെടെ 6 ഇനം സസ്തനികൾ, നാട്ടുവേഴാമ്പൽ, ചേരക്കോഴി തുടങ്ങി 72 ഇനം പറവകൾ, 17 ഇനം ചിത്ര ശലഭങ്ങൾ, 9 ഇനം ഉരഗങ്ങൾ, 2 ഇനം ഉഭയജീവികൾ എന്നിവയും മംഗളവനത്തിലെ അന്തേവാസികളാണ്.

കൂടുതൽ വിവരങ്ങൾക്ക്:
അസ്സി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്,
നേച്ചർ സ്റ്റഡി സെന്റർ, കാലടി, മലയാറ്റൂർ -683587
0484 - 2468680, 9847022947

